2024
JULY
03
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഹത്രസിൽ തിക്കിലും തിരക്കിലും പെട്ട് മരിച്ചവരുടെ എണ്ണം 123 ആയി; അന്വേഷണം പ്രഖ്യാപിച്ച് സർക്കാർ

**ഹത്രസ്:** ഉത്തർപ്രദേശിലെ ഹത്രസിൽ സത്സംഗ പരിപാടിക്കിടെയുണ്ടായ തിക്കിലും തിരക്കിലും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 123 പേർ മരിച്ചു. നിരവധി പേർക്കു പരുക്കേറ്റു. ആശുപത്രിയിൽ ചികിത്സയിലുള്ള പലരുടെയും നില ഗുരുതരമാണ്. ഫുൽറായി ഗ്രാമത്തിൽ ഇന്നലെ ഉച്ചയ്ക്കുശേഷമാണു സംഭവം. സകാർ വിശ്വ ഹരി, ഭോലെ ബാബ എന്ന പേരുകളിൽ അറിയപ്പെടുന്ന സ്വയം പ്രഖ്യാപിത ആൾദൈവം നാരായൺ സകാർ ഹരിയുടെ നേതൃത്വത്തിലുള്ള പ്രാർഥനാ പ്രഭാഷണ പരിപാടിയാണ് രാജ്യത്തെ നടുക്കിയ ദുരന്തത്തിൽ കലാശിച്ചത്. മാനവ മംഗൾ മിലാൻ സദ്ഭാവനാ സംഗം കമ്മിറ്റി സംഘടിപ്പിച്ച പരിപാടിയിൽ അരലക്ഷത്തിലേറെ പേർ പങ്കെടുത്തിരുന്നു. സത്സംഗം അവസാനിച്ചശേഷം പങ്കെടുത്തവർ മടങ്ങുമ്പോഴായിരുന്നു തിക്കും തിരക്കുമുണ്ടായതെന്നു പൊലീസ്. സത്സംഗവേദിയെക്കാൾ ഉയർന്നു നിൽക്കുന്ന റോഡിലേക്ക് കയറുന്നിടത്ത് ഓടയുണ്ടെന്നും ഇവിടെയുണ്ടായ തിരക്കാണ് അപകടമുണ്ടാക്കിയതെന്നുമാണ് പ്രാഥമിക റിപ്പോർട്ട്.



ഭോലെ ബാബയെ കാണാൻ വേണ്ടി ആളുകൾ തിരക്കുകൂട്ടിയതാണ് അപകടത്തിനിടയാക്കിയതെന്നും ബാബയുടെ കാൽ പതിഞ്ഞ മണ്ണെടുക്കാൻ ചിലർ ശ്രമിച്ചതാണ് കാരണമെന്നും റിപ്പോർട്ടുകളുണ്ട്. പരുക്കേറ്റവരെ ഹാഥ്‌രസിലും ഇറ്റയിലുമുള്ള ആശുപത്രികളിലേക്ക് മാറ്റി. മൃതദേഹങ്ങളും വിവിധ ആശുപത്രികളിൽ സൂക്ഷിച്ചിരിക്കുകയാണ്. ചവിട്ടേറ്റും ശ്വാസംമുട്ടിയുമാണ് മരണങ്ങളെന്ന് അധികൃതർ. അരലക്ഷം പേർ പങ്കെടുത്ത പരിപാടിക്കു മുൻകൂർ അനുമതി വാങ്ങിയിരുന്നു. എന്നാൽ, 72 പൊലീസുകാർ മാത്രമാണ് ഇവിടെ ജനക്കൂട്ടത്തെ നിയന്ത്രിക്കാനുണ്ടായിരുന്നതെന്ന് പറയപ്പെടുന്നു.

സംഭവത്തിൽ യുപി സർക്കാർ അന്വേഷണം പ്രഖ്യാപിച്ചു. ലോക്സഭയിൽ നന്ദിപ്രമേയ ചർച്ചയ്ക്കു മറുപടി പറയുന്നതിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുരന്തത്തിൽ അനുശോചനം അറിയിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ തുടങ്ങിയവരും അനുശോചിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് രണ്ടു ലക്ഷം രൂപയും പരുക്കേറ്റവർക്ക് 50000 രൂപയും അടിയന്തര സഹായം നൽകുമെന്നു യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അറിയിച്ചു. യുപി മന്ത്രിമാരായ ലക്ഷ്മി നാരായൺ ചൗധരിയെയും സന്ദീപ് സിങ്ങിനെയും തുടർനടപടികൾക്കായി ഹാഥ്‌രസിലേക്ക് അയച്ചു. ചീഫ് സെക്രട്ടറിയും ഡിജിപിയും സംഭവസ്ഥലത്തെത്തി.



## യുഎഇയിൽ ജീവിത ചെലവ് കുതിച്ചുയരുന്നു; ദുബായിലും അബുദാബിയിലും വൻകുതിപ്പ്

**അബുദാബി :** യുഎഇയിൽ ജീവിത ചെലവ് കുതിച്ചുയരുന്നു. ഈ വർഷം ആദ്യപകുതിയിലെ കണക്കനുസരിച്ച് ദുബായിലെയും അബുദാബിയിലെയും ജീവിത ചെലവാണ് കുത്തനെ ഉയർന്നത്. ഓൺലൈൻ ഡേറ്റാബേസ് കമ്പനി നമ്പിയോ നടത്തിയ സർവേയിൽ ദുബായിലെ ജീവിതച്ചെലവ് സൂചിക ജനുവരിയിൽ 138ാം സ്ഥാനത്തുനിന്ന് ജൂൺ ആയപ്പോഴേക്കും 70ലേക്ക് ഉയർന്നു.

അബുദാബി 164ാം സ്ഥാനത്തുനിന്ന് 75ലേക്ക് കുതിച്ചു. നിത്യോപയോഗ സാധനങ്ങളെല്ലാം ഇതര രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന രാജ്യമായതിനാൽ ആഗോള ഘടകങ്ങളും പണപ്പെരുപ്പത്തെ സ്വാധീനിച്ചതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ജനുവരിയിൽ പെട്രോൾ ലീറ്ററിന് 2.71 ദിർഹമുണ്ടായിരുന്നത് മേയ് ആകുമ്പോഴേക്കും 3.22 ദിർഹമായി. ജൂണിൽ അൽപം കുറവുണ്ടായെങ്കിലും ജനുവരിയിലെ നിരക്കിലേക്ക് തിരിച്ചെത്തിയിട്ടില്ല. കോവിഡിനുശേഷം വാടക ഗണ്യമായി വർധിക്കുകയാണ്. ആഗോള വിദഗ്ധരുടെയും നിക്ഷേപകരുടെയും യുഎഇയിലേക്കുള്ള ഒഴുക്കും റിയൽ എസ്റ്റേറ്റ് നിരക്ക് വർധനയ്ക്കു കാരണമായിട്ടുണ്ട്. 5 മാസത്തിനിടെ ദുബായിൽ 2.55 ലക്ഷം വാടക കരാറുകളാണ് റജിസ്റ്റർ ചെയ്തത്. മുൻവർഷത്തെക്കാൾ 6 ശതമാനത്തോളം വർധന. പണപ്പെരുപ്പ നിരക്ക് ജനുവരിയിലെ 109.91ൽനിന്ന് മേയ് ആയപ്പോഴേക്കും 111.34 ആയി ഉയർന്നു. വെള്ളം, വൈദ്യുതി, പാചക വാതകം, വീട്ടുപകരണങ്ങൾ, ഫർണിച്ചർ, ഗതാഗതം എന്നിവയ്ക്കുള്ള ചെലവേറി. ഭക്ഷ്യോൽപ്പന്നങ്ങളിൽ 9 എണ്ണത്തിന് വില പരിധി വച്ചിട്ടുണ്ടെങ്കിലും ശേഷിച്ചവയുടെ വിലയിൽ വൻ വർധന ഉണ്ടായത് സാധാരണ, ഇടത്തരം കുടുംബങ്ങളെ പ്രയാസത്തിലാക്കുന്നുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി മറ്റു ചെലവുകളും കൂടുകയാണ്.

## ഇടുക്കിയിൽ കയ്യേറ്റം ഒഴിപ്പിക്കാനെത്തിയ 7 ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയ നടപടിക്ക് സ്റ്റേ

**കൊച്ചി:** ഇടുക്കിയിൽ കയ്യേറ്റം ഒഴിപ്പിക്കാനെത്തിയ ഭൂസംരക്ഷണ സേന ഉദ്യോഗസ്ഥർക്കെതിരായ നടപടി ഹൈക്കോടതി സ്റ്റേ ചെയ്തു. ഭൂസംരക്ഷണ സേനയിലെ 7 ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയ ജില്ലാ കലക്ടറുടെ ഉത്തരവാണു ജസ്റ്റിസുമാരായ മുഹമ്മദ് മുഷ്താഖ്, എസ്.മനു എന്നിവർ ഉൾപ്പെട്ട മൂന്നാർ ബെഞ്ച് സ്റ്റേ ചെയ്തത്. ദേവികുളം, ഉടുമ്പൻചോല, പീരുമേട് തുടങ്ങിയ സ്ഥലങ്ങളിലെ കയ്യേറ്റം ഒഴിപ്പിക്കാനെത്തിയ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയതു വിവാദമായിരുന്നു. കഴിഞ്ഞ മാസം 14ന് ദേവികുളത്ത് സിപിഐ നേതാവിന്റെ ഭീഷണി അവഗണിച്ച് കയ്യേറ്റം ഒഴിപ്പിച്ചവർക്കെതിരെ ആയിരുന്നു നടപടി. ഇക്കാര്യം അമിക്കസ് ക്യൂറി കോടതിയെ അറിയിച്ചിരുന്നു.

അതിനൊപ്പം, പള്ളിവാസലിലെ സ്വകാര്യ റിസോർട്ടിന് എൻഒസി വേണ്ടെന്ന കത്ത് ഡെപ്യൂട്ടി കലക്ടർ നൽകിയത് നിയമോപദേശം മറികടന്നാണെന്നും അമിക്കസ് ക്യൂറി അറിയിച്ചു. എൻഒസി ഇല്ലാതെ നിർമാണം പാടില്ലെന്നായിരുന്നു നിയമോപദേശം. മൂന്നാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടുക്കി ജില്ലാ കലക്ടറും ഡെപ്യൂട്ടി കലക്ടറും കോടതിയലക്ഷ്യം നടത്തിയെന്നായിരുന്നു അമിക്കസ് ക്യൂറിയുടെ റിപ്പോർട്ട്.

കെട്ടിടം നിൽക്കുന്ന ഭൂമിയുടെ പട്ടയം റദ്ദാക്കിയിരുന്നു എന്ന കാര്യം മറച്ചു വച്ചുകൊണ്ട് കെട്ടിട ഉടമയ്ക്ക് അനുകൂലമായി 2024ൽ കലക്ടർ കെട്ടിട നമ്പറിനായി കത്തു നൽകുകയായിരുന്നെന്നു റിപ്പോർട്ട് പറയുന്നു. ഡെപ്യൂട്ടി കലക്ടറാണ് കത്തിൽ ഒപ്പിട്ടിട്ടുള്ളത്.

ഡെപ്യൂട്ടി കലക്ടറുടെ നിലപാട് സംശയകരമെന്നു വിലയിരുത്തിയ കോടതി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് വ്യക്തമാക്കി. കേസ് നാളെ വീണ്ടും പരിഗണിക്കും.

## പൊലീസുകാരുടെ ആത്മഹത്യ തടയാൻ സേനയുടെ അംഗബലം വർധിപ്പിക്കണം: മനുഷ്യാവകാശ കമ്മിഷൻ

**തിരുവനന്തപുരം:** പൊലീസ് ഉദ്യോഗസ്ഥർ അനുഭവിക്കുന്ന ജോലി സമ്മർദം കാരണമുള്ള ആത്മഹത്യകൾ വർധിക്കുന്ന സാഹചര്യത്തിൽ ലോക്കൽ പൊലീസ് സ്റ്റേഷനുകളിലെ അംഗബലം പുതിയ സാഹചര്യങ്ങൾക്ക് അനുസരിച്ച് പരിഷ്കരിച്ച് സേനയെ നവീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ. സംസ്ഥാന പൊലീസ് മേധാവിക്കാണ് കമ്മിഷൻ ആക്റ്റിങ് ചെയർപേഴ്സനും ജുഡീഷ്യൽ അംഗവുമായ കെ.ബൈജുനാഥ് നിർദേശം നൽകിയത്.

സേനയിലെ അംഗബലം കുറവായതിനാൽ പൊലീസ് ഉദ്യോഗസ്ഥർക്ക് വിശ്രമവും പ്രതിവാര അവധിയും ലഭിക്കാത്തതു കാരണം മാനസിക സമ്മർദം കൂടിവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്ന് കമ്മിഷൻ ഉത്തരവിൽ പറഞ്ഞു.

ഇത് പൊലീസിന്റെ കാര്യക്ഷമതയെ ബാധിക്കും. കൂടാതെ പൊലീസിൽ നിന്നും സ്വയം വിരമിക്കാൻ അപേക്ഷ നൽകുന്നവരുടെ എണ്ണവും കൂടി വരികയാണെന്ന് ഉത്തരവിൽ പറയുന്നു. സംസ്ഥാനത്തെ പല പൊലീസ് സ്റ്റേഷനുകളിലും മതിയായ അംഗബലം ഇല്ലാത്തതിനാൽ ക്രമസമാധാന പരിപാലനം യഥാവിധി നടക്കുന്നില്ലെന്ന് വ്യാപകമായ പരാതിയുണ്ട്.

പൊലീസ് സ്റ്റേഷൻ പരിധിയിലുള്ള ജനസാന്ദ്രതയ്ക്ക് അനുസരിച്ച് അംഗബലം പരിഷ്കരിച്ചാൽ മാത്രമേ ക്രമസമാധാന ചുമതലകൾ സമയബന്ധിതമായി നിർവഹിക്കാൻ കഴിയുകയുള്ളൂ.

വിഐപി ഡ്യൂട്ടിക്ക് പൊലീസുദ്യോഗസ്ഥർ പോകുമ്പോൾ സ്റ്റേഷനിലെ ക്രമസമാധാന കാര്യങ്ങൾ അവതാളത്തിലാകുന്നതായി പരാതിയുണ്ടെന്നും കമ്മിഷൻ ഉത്തരവിൽ പറഞ്ഞു.

മനുഷ്യാവകാശ പ്രവർത്തകനായ രാഗം റഹിം സമർപ്പിച്ച പരാതിയിലാണ് നടപടി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗ്രാമീണ, അർദ്ധ നഗര വിപണികളിൽ പ്രീമിയർ ശാഖകൾ ആരംഭിക്കാൻ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

**മുംബൈ :** ഗ്രാമീണ, അർദ്ധ നഗര വിപണികളിൽ പ്രീമിയർ ശാഖകൾ ആരംഭിക്കുമെന്ന് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ പ്രഖ്യാപിച്ചു. ഉപഭോക്താക്കൾക്ക് കൂടുതൽ ശ്രദ്ധ, മികച്ച സൗകര്യങ്ങളുള്ള ബ്രാഞ്ചുകൾ, ഉയർന്ന നിലവാരമുള്ള സേവനം എന്നിവ ഉപയോഗിച്ച് ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുകയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

ഗ്രാമീണ, അർദ്ധ നഗര വിപണികളിലെ ഉപഭോക്താക്കൾക്കുള്ള ഒരു പ്രത്യേക ബ്രാഞ്ച് ബാങ്കിംഗ് അനുഭവമായിരിക്കും യൂണിയൻ പ്രീമിയർ ശാഖകൾ. വ്യക്തിഗതമാക്കിയ ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ശാഖകൾ ഞഡടഢ വിപണികളിലെ ഉയർന്ന മൂല്യമുള്ള ഉപഭോക്താക്കൾക്കായി ഒരു ബ്രാഞ്ചിൽ തന്നെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകും.

ഓരോ ഉപഭോക്താവിനും അവരുടെ എല്ലാ ബാങ്കിംഗ് ആവശ്യങ്ങളും പരിഹരിക്കുന്നതിന് ഒരു വ്യക്തിഗത റിലേഷൻഷിപ്പ് മാനേജർ, അത്യാധുനിക ഡിജിറ്റൽ ബാങ്കിംഗ് സൊല്യൂഷനുകൾ, ബാങ്കിംഗ് അനുഭവം വേഗമേറിയതും തടസ്സരഹിതവുമാക്കുന്നു. മികച്ച ഇൻക്ലാസ് ഉപഭോക്തൃ അനുഭവം, ആംബിയന്റ് ബ്രാഞ്ചുകൾ എന്നിവ പ്രീമിയർ ബ്രാഞ്ചുകളുടെ സവിശേഷതകളാണ്.

കൂടുതൽ വിവരങ്ങൾക്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ വെബ്സൈറ്റായ www.unionbankofindia.co.in സന്ദർശിക്കുക.

# ഡിഎംഎയുടെ ഈ വർഷത്തെ അവാർഡുകൾ പ്രഖ്യാപിച്ചു

**ന്യൂഡൽഹി :** ഡൽഹി മലയാളി അസോസിയേഷന്റെ 2024ലെ അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡ് സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ ഏകകണ്ഠമായാണ് ജേതാക്കളെ തെരെഞ്ഞെടുത്തത്.

ഡിഎംഎ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഡിഎംഎയുടെ മുൻ പ്രസിഡന്റ് എ വി ഭാസ്കരനും ഡിഎംഎ വിശിഷ്ട സാമൂഹ്യ സേവാ പുരസ്കാരം, മനുഷ്യ സ്നേഹിയും സാമൂഹിക പ്രവർത്തകനുമായ കെആർ മനോജിനും ഡിഎംഎ വിശിഷ്ട സേവാ പുരസ്കാരം (രണ്ടു പേർക്ക്) മുൻ പ്രസിഡന്റ് സി എ നായർക്കും മുൻ വൈസ് പ്രസിഡന്റ് എം പി സുരേഷിനും, ഡിഎംഎ കലാഭാരതി പുരസ്കാരം കലാമണ്ഡലം രാധാ മാരാർക്കുമാണ് ലഭിച്ചത്. ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവുമാണ് ജേതാക്കൾക്കു ലഭിക്കുക.

ഡിഎംഎ പ്രസിഡന്റ് കെ രഘുനാഥ്, വൈസ് പ്രസിഡന്റ്മാരായ മണികണ്ഠൻ കെവി, കെജി രഘുനാഥൻ നായർ, ജനറൽ സെക്രട്ടറി ടോണി കണ്ണമ്പുഴ, അഡീഷണൽ ജനറൽ സെക്രട്ടറി എ മുരളീധരൻ, ചീഫ് ട്രെഷറർ മാത്യു ജോസ്, ഏരിയ ചെയർമാൻമാരായ എൻവി ചാക്കോ (ദ്വാരക), സുനിൽ കുമാർ ഗോപാലകൃഷ്ണൻ (വിനയ് നഗർകിദ്വായ് നഗർ), സിഡി ജോസ് (ജനക് പുരി), എകെ സുബ്രഹ്മണ്യൻ (കരോൾ ബാഗ് കൊണാട്ട് പ്ലേസ്) എം ജയചന്ദ്രൻ (ആർകെ പുരം) എന്നീ 11 അംഗ അവാർഡ് സെലക്ഷൻ കമ്മിറ്റിയാണ് അവാർഡിനർഹരായവരെ തെരെഞ്ഞെടുത്തത്. ജൂലൈ 14നു ഡൽഹിയിലെ താൽക്കത്തോറ ഇൻഡോർ സ്റ്റേഡിയത്തിൽ അരങ്ങേറുന്ന ഡൽഹി മലയാളി അസോസിയേഷന്റെ 75ാമത് വാർഷിക ആഘോഷങ്ങളോടനുബന്ധിച്ചു നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യും.

# മലയോര പട്ടയം വിവരശേഖരണം: 'അപേക്ഷ ജൂലൈ 25 വരെ നൽകാം

**തിരുവനന്തപുരം:** 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് അതത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് ഒന്നു മുതൽ 30 വരെ നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക്, ജൂലൈ 10 മുതൽ 25 വരെ അപേക്ഷ നൽകാൻ അവസരം. റവന്യു വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ചേർന്ന റവന്യു സെക്രട്ടറിയറ്റ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ നൽകാൻ സൗകര്യമൊരുക്കിയിട്ടുള്ളത്.

വനം, റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടന്ന ഇടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചു.



# ഡോ.എ.പി.ജെ അബ്ദുൾ കലാം ബിസിനസ് എക്സലൻസ് അവാർഡ് സീഗൾ ഇന്റർനാഷണലിന്

**കൊച്ചി:** മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ആഗോള ഹ്യൂമൻ റിസോഴ്സ് കൺസൾട്ടൻസിയായ സീഗൾ ഇന്റർനാഷണലിന് ഡോ.എ.പി.ജെ അബ്ദുൾ കലാം ബിസിനസ് എക്സലൻസ് അവാർഡ്. ഡോ:എ പി ജെ അബ്ദുൾ കലാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിസിനസ് മാനേജ്മെന്റ് ആൻഡ് സ്കിൽ ഡെവലപ്മെന്റാണ് മികച്ച ടാലന്റ് അക്വിസിഷൻ ആൻഡ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് കമ്പനിയ്ക്കുള്ള അവാർഡ് നൽകിയത്. കേരള സർവ്വകലാശാല സെനറ്റ് ചേംബറിൽ നടന്ന ചടങ്ങിൽ സീഗൾ ഇന്റർനാഷണൽ ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. സുരേഷ് കുമാർ മധുസൂദനൻ കേരള അഡ്വക്കേറ്റ് ജനറൽ കെ പി ജയചന്ദ്രനിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി.

കേരള നിയമസഭാ സെക്രട്ടറി പ്രൊഫ.ഡോ.എൻ. കൃഷ്ണ കുമാർ, യുകെയിലെ സ്റ്റാഫോർഡ്ഷയർ യൂണിവേഴ്സിറ്റി ഡയറക്ടർ പ്രൊഫ.ഡോ.സാമന്ത സ്പെൻസ്, കേന്ദ്ര സർവകലാശാലയിലെ നിയമവിഭാഗം മേധാവി ഡോ.എൻ.ഗിരീഷ് കുമാർ, സ്പെയിനിലെ ജീൻ സർവകലാശാലയിലെ പ്രൊഫസർ ഡോ. റാബിയ എം. റാബെറ്റ് ടെംസമാനി, ഹിമാലയൻ യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസലർ ഡോ: പ്രകാശ് ദിവാകരൻ, ഡോ.എ.പി.ജെ. അബ്ദുൾ കലാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിസിനസ് മാനേജ്മെന്റ് ആൻഡ് സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.വില്ലറ്റ് കൊറേയ, മാരിടൈം ബിസിനസ് ബുള്ളറ്റിൻ ചീഫ് എഡിറ്റർ നാണു വിശ്വനാഥൻ, പ്രൊഫസർ ഡോ. സുരേഷ് ഘോദ്രാവോ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# സപ്തപർണി പ്രകാശനം ചെയ്തു

**ആലുവ:** നീതു മോഹൻദാസ് എഴുതിയ 'സപ്തപർണി' എന്ന നോവലിന്റെ പ്രകാശനം എഴുത്തുകാരനായ സുഭാഷ് ചന്ദ്രൻ ഫെഡറൽ ബാങ്ക് എച്ച് ആർ മേധാവിയായ എൻ രാജനാരായണനു നൽകി നിർവഹിച്ചു. ആലുവ മഹനാമി ഹെറിറ്റേജ് ഹോട്ടലിൽ വച്ചു നടന്ന ചടങ്ങിൽ എഴുത്തുകാരി ഗീത മുന്നൂർക്കോട് പുസ്തകം അവതരിപ്പിച്ചു. നീതു മോഹൻദാസ് മറുപടി പ്രസംഗം നടത്തി.ഹന കാതറിൻ മുള്ളൻസ് എന്ന വിദേശ വനിത എഴുതിയതും രണ്ടു സ്ത്രീകളുടെ കഥ പറയുന്ന ഒരു ബംഗാളി കൃതിയാണ് മലയാളത്തിലെ ആദ്യ വിവർത്തന നോവൽ. 1858 ലാണ് ഇതു പ്രസിദ്ധീകരിക്കുന്നത്. മലയാളത്തിലെ ആദ്യത്തെ നോവലായ ഒ ചന്തുമേനോന്റെ ഇന്ദുലേഖയിലും നായികയ്ക്കാണ് പ്രാധാന്യം. മലയാളത്തിലെ ആദ്യകാല നോവലുകളായ കുന്ദലത, ശാരദ എന്നീ കൃതികളിലൂടെ രചയിതാവായ അപ്പു നെടുങ്ങാടിയും സ്ത്രീകളുടെ കഥകളാണ് പറഞ്ഞത്.ചുരുക്കിപ്പറഞ്ഞാൽ, സ്ത്രീകളെ രേഖപ്പെടുത്തിയ ഒരു ചരിത്രത്തിന്റെ ശൃംഖലയുടെ ഇങ്ങേത്തലക്കലെ കണ്ണിയാണ് നീതു മോഹൻദാസിന്റെ സപ്തപർണി എന്ന് സുഭാഷ് ചന്ദ്രൻ പറഞ്ഞു.

നോവൽ രചനയെ വളരെ ഗൗരവത്തോടെയാണ് നീതു മോഹൻദാസ് സമീപിച്ചിട്ടുള്ളത്.

ഒരു നോവൽ എന്നതിനപ്പുറം, പല വിഷയങ്ങളും ഗഹനമായി പ്രതിപാദിക്കുന്ന ഒരു പുസ്തകം കൂടിയാണ് സപ്തപർണി. ഇനിയും അനേകം കൃതികൾ നീതു രചിക്കട്ടെ എന്ന് ആശംസകളും നേർന്നു.

എഴുത്തുകാരൻ ബെന്യാമിൻ തന്റെ ഫേസ്ബുക് പേജിലൂടെയായിരുന്നു പുസ്തകത്തിന്റെ പുറം ചട്ടയുടെ പ്രകാശനം നിർവഹിച്ചത്. ഫെഡറൽ ബാങ്ക് മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റിൽ സീനിയർ മാനേജരാണ് നീതു മോഹൻദാസ്.

# ദി സെന്റനിയൽ അവതരിപ്പിച്ച് ഹീറോ



**കൊച്ചി:** തങ്ങളുടെ സ്ഥാപക ചെയർമാനായ ഡോ.ബ്രിജ്മോഹൻ ലാൽ മുൻജാലിനോടുള്ള ആദരസൂചകമായി കളക്ടേഴ്സ് എഡിഷൻ മോട്ടോർസൈക്കിൾ ആയ 'ദി സെന്റനിയൽ' അവതരിപ്പിച്ച് മോട്ടോർ സൈക്കിൾ, സ്കൂട്ടർ നിർമാതാക്കളായ ഹീറോ മോട്ടോകോർപ്. ഇന്ത്യയിലെ ഹീറോ സെന്റർ ഫോർ ഇന്നോവേഷൻ ആൻഡ് ടെക്നോളജിയിലെയുംജർമ്മനിയിലെ ഹീറോ ടെക് സെന്ററിലെയും വിദഗ്ദർ രൂപകൽപന ചെയ്തു വികസിപ്പിച്ച വാഹനം കമ്പനിയുടെ മികവിന്റെയും നവീനതയുടെയും നേർസാക്ഷ്യമാണ്. അതീവ സൂക്ഷ്മതയോടും കരവിരുതോടും കൂടി തയ്യാറാക്കിയ 100 വാഹനങ്ങൾ മാത്രമാണ് കമ്പനി പുറത്തിറക്കുന്നത്. ഡോ. ബ്രിജ്മോഹൻ ലാൽ മുൻജാലിന്റെ 101 ആം ജന്മവാർഷികത്തിന്റെ ഭാഗമായി പുറത്തിറക്കുന്ന ഈ വാഹനം കമ്പനിയുടെ ജീവനക്കാർ, അസോസിയേറ്റ്, ഓഹരിയുടമകൾ, പങ്കാളികൾ എന്നിവർക്കായി ലേലം ചെയ്യും. ഇതിൽ നിന്ന് ലഭിക്കുന്ന തുക സമൂഹ നന്മക്കായി വിനിയോഗിക്കും. സ്ഥാപകനേതാവിന്റെ ലക്ഷ്യങ്ങൾ പിന്തുടരുന്നതിന്റെ ഭാഗമായാണ് ഈ തീരുമാനം. ഓരോ വാഹനവും മികച്ച പ്രവർത്തനത്തിന്റെയും വൈദഗ്ദ്യത്തിന്റെയും അടയാളങ്ങൾ ആയിരിക്കും. 2024 സെപ്റ്റംബർ മാസത്തോടെ സെന്റനിയൽ വിതരണം ആരംഭിക്കും. ലോകമെമ്പാടുമുള്ള ഹീറോ ഔട്ലെറ്റുകളിലും ഡീലർ കേന്ദ്രങ്ങളിലും 100 ദിന ഉപഭോക്തൃ, ഉദ്യോഗസ്ഥ സംഗമങ്ങളും കൂടിച്ചേരലുകളും സംഘടിപ്പിക്കുകയാണ്. ഈ സമയം പുതിയ ഹീറോ വാഹനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് 100% വരെ ക്യാഷ്ബാക്ക് ലഭിക്കാനും സാധ്യതയുണ്ട്. 100 വാഹനങ്ങൾക്ക് മാത്രമായിരിക്കും ഈ ആനുകൂല്യം ലഭിക്കുക. വിശദ വിവരങ്ങൾ കമ്പനിയുടെ വെബ്സൈറ്റിലും സാമൂഹ്യമാധ്യമ അക്കൗണ്ടുകളിലും ലഭ്യമാണ്.ഇതിനു പുറമെ ഉപഭോക്താക്കളുടെ ജീവിത യാത്രയിൽ ഹീറോയുമായുള്ള അഭേദ്യ ബന്ധം കാണിക്കുന്ന അനുഭവക്കുറിപ്പുകളും ഹീറോയുടെ മൈ ഹീറോ മൈ സ്റ്റോറി ക്യാമ്പയിനിലൂടെ പങ്കുവെക്കാൻ സാധിക്കും.

വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ദർ അടങ്ങിയ പാനൽ ഇവ വിലയിരുത്തിയ ശേഷം ഏറ്റവും മികച്ച വക്ക് 'സെന്റനിയൽ' സമ്മാനമായും നൽകുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

# സഫീറോ ഫോറെക്സ് കാർഡ് പുറത്തിറക്കി ഐസിഐസിഐ ബാങ്ക്

**കൊച്ചി:** വിദേശ വിദ്യാഭ്യാസം തേടുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്കായി ഐസിഐസിഐ ബാങ്ക് പ്രീമിയം പ്രീപെയ്ഡ് ഫോറക്സ് കാർഡായ സഫീറോ ഫോറക്സ് കാർഡ് അവതരിപ്പിച്ചു. വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും നിരവധി സൗകര്യങ്ങളാണ് വിസ നൽകുന്ന ഈ കാർഡ് വഴി ലഭിക്കുന്നത്. കറൻസികൾക്കിടയിലെ മാർക്കപ്പ് ചാർജ് ഇല്ലാതെ 15 കറൻസികളിൽ ഇടപാട് നടത്താൻ ഇതിലൂടെ കഴിയും. 15,000 രൂപയുടെ പ്രവേശന ആനുകൂല്യം അടക്കമുള്ള മറ്റ് നേട്ടങ്ങളും ഉണ്ടാകും. മൊബൈൽ പേ ഇൻറർനെറ്റ് ബാങ്കിംഗ് തുടങ്ങിയവയിലൂടെ മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കും തൽക്ഷണം റീലോഡ് ചെയ്യാം.മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കും നേരിടേണ്ടിവരുന്ന നിരവധി ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഇത് സഹായിക്കുമെന്ന് ഐസിഐസിഐ ബാങ്ക് പെയ്മെൻറ് സൊല്യൂഷൻസ് മേധാവി നീരജ് ട്രാൽഷാവാല പറഞ്ഞു. എവിടെ നിന്നും രക്ഷിതാക്കൾ കാർഡ് ഡിജിറ്റൽ റീലോഡിംഗ്, അധിക ക്യൂറേറ്റഡ് ആനുകൂല്യങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്നു. ഈ കാർഡ് വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും വിദേശ പേയ്മെൻറുകൾക്ക് തടസ്സമില്ലാത്തതും തടസ്സമില്ലാത്തതുമായ അനുഭവം നൽകുമെന്ന് തങ്ങൾ വിശ്വസിക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# 11 ലക്ഷം യൂണിറ്റുകളുടെ കയറ്റുമതി പിന്നിട്ട് നിസാൻ



**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ 11 ലക്ഷം യൂണിറ്റുകളുടെ കയറ്റുമതി നാഴികക്കല്ല് പിന്നിട്ടു. കഴിഞ്ഞ മാസം തമിഴ്നാട്ടിലെ എന്നൂർ കാമരാജർ തുറമുഖത്ത് നിന്നുള്ള നിസാൻ മാഗ്നൈറ്റിന്റെ കയറ്റുമതിയോടെയാണ് 11 ലക്ഷം യൂണിറ്റുകളെന്ന നാഴികക്കല്ല് കടന്നത്. കൂടാതെ, ജൂൺ മാസത്തിൽ കമ്പനി 10,284 യൂണിറ്റുകളുടെ മൊത്തവില്പനയും നേടി. ഇത് മുൻവർഷത്തേക്കാൾ 76.3% അധികവും മുൻമാസത്തേക്കാൾ 65.7% അധികവളർച്ചയേയും കാണിക്കുന്നു. ഇതിൽ 2107 യൂണിറ്റുകൾ ആഭ്യന്തരവില്പനയും 8177 യൂണിറ്റുകൾ കയറ്റുമതിയിലുമാണ്. കയറ്റുമതി മൊത്തവില്പനയിൽ മുൻവർഷത്തേക്കാൾ 149% വളർച്ചയും കമ്പനി നേടി.

# ഇസാഫ് ബാങ്ക് മൈക്രോ ബാങ്കിങ് ചാനൽ ആരംഭിച്ചു

ESAF
ESAF SMALL FINANCE BANK
Joy of Banking

**കൊച്ചി:** ഇസാഫ് ബാങ്കിന്റെ ബിസിനസ് കറസ്പോണ്ടന്റായ ഇസാഫ് സ്വാശ്രയ മൾട്ടി സ്റ്റേറ്റ് അഗ്രോ കോ ഓപ്പറേറ്റീവ് സൊസൈറ്റി (ഇസ്മാകോ)യുടെ 5,197 ജീവനക്കാർ ജൂലൈ ഒന്നു മുതൽ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിലേക്ക്. പുതിയ ബിസിനസ് പുനക്രമീകരണം പൂർത്തിയായതോടെ ബാങ്ക് ഏറ്റെടുത്തിരിക്കുന്ന മൈക്രോ ലോൺ വിഭാഗം ഇനി ബാങ്ക് നേരിട്ട് കൈകാര്യം ചെയ്യും. ഇസാഫ് ഗ്രൂപ്പ് സ്ഥാപനമായ ഇസ്മാകോ ഇനി മുതൽ ബാങ്കിന്റെ കസ്റ്റമർ സർവീസ് സെന്ററുകൾ മാത്രമായിരിക്കും കൈകാര്യം ചെയ്യുക. വായ്പാ വിതരണം വഴിയുള്ള ബിസിനസ്സും ബാങ്കിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് ഈ വിഭാഗം ജീവനക്കാരെ ഇസാഫ് ബാങ്കിന്റെ ഭാഗമാക്കിയത്.

പുതിയ മൈക്രോ ബാങ്കിങ് വിഭാഗം പ്രധാനമായും ഗ്രാമീണ മേഖല കേന്ദ്രീകരിച്ചായിരിക്കും പ്രവർത്തിക്കുക. ചെറുകിട വായ്പകൾ, കാർഷിക വായ്പകൾ, വാഹന വായ്പ, ഭവന വായ്പ തുടങ്ങിയവ കൈകാര്യം ചെയ്യും. താഴെ തട്ടിലുള്ളവർക്കും ഇടത്തരം വരുമാനക്കാർക്കുമായി പുതിയ ഉൽപ്പന്നങ്ങൾ ആസൂത്രണം ചെയ്യുന്നതായി ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ പോൾ തോമസ് പറഞ്ഞു. ഇസ്മാകോയുടെ ചില സേവനങ്ങൾ പരിമിതപ്പെടുത്താൻ കഴിഞ്ഞ മാസമാണ് ബാങ്ക് തീരുമാനമെടുത്തത്. പുതിയ ക്രമീകരണം നിലവിൽ വന്ന ശേഷവും ബാങ്കിന്റെ ഏറ്റവും വലിയ ബിസിനസ് കറസ്പോണ്ടന്റ് ഇസ്മാകോ തന്നെയാണ്. മൊത്തം വായ്പകളുടെ 66.14 ശതമാനമാണ് ബാങ്ക് നേരിട്ട് കൈകാര്യം ചെയ്യുന്നത്. കൂടാതെ എല്ലാ ബിസിനസ് കറസ്പോണ്ടന്റുകളും ചേർന്ന് കൈകാര്യം ചെയ്യുന്ന വായ്പകൾ 33.86 ശതമാനമാക്കി കുറയും. 14.90% ആകും ഇസ്മാകോയുടെ ബിസിനസ് വിഹിതം.

ഒറ്റ ബിസിനസ് കറസ്പോണ്ടന്റിൽ മാത്രം ബിസിനസ് അധികമായി കേന്ദ്രീകരിക്കുന്നത് ഒഴിവാക്കാനായി, ബിസിനസ് പ്രവർത്തനങ്ങൾ നേരിട്ട് ബാങ്കിനു കീഴിലാക്കുന്നതു വഴി പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുമാണ് പുതിയ മാറ്റങ്ങളെന്ന് ഇസാഫ് ബാങ്ക് മേധാവി കെ. പോൾ തോമസ് പറഞ്ഞു.

# ഐഐഎം സമ്പൽപൂരിൽ എംബിഎ പ്രോഗ്രാം ആരംഭിച്ചു

**കൊച്ചി:** ഐഐഎം സമ്പൽപൂരിൽ 202426 വർഷത്തേക്കുള്ള പത്താമത് എംബിഎ ബാച്ച് ആരംഭിച്ചു. ബാച്ചിന്റെ ഉദ്ഘാടന ചടങ്ങിൽ അദാനി ഗ്രൂപ്പ് ബിസിനസ് ഡെവലപ്മെന്റ് പ്രസിഡന്റ് സുബ്രത് ത്രിപാതി മുഖ്യാതിഥിയായി. ഹാവൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സെയിൽസ് ആൻഡ് മാർക്കറ്റിങ് വൈസ് പ്രസിഡന്റ് സുമിത് സാംഗ്വാൻ മുഖ്യ പ്രഭാഷണം നടത്തി. ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫ. മഹാദേവ് ജയ്സ്വാൾ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

2024–26 എംബിഎ ബാച്ചിൽ ആകെയുള്ള 320 പേരിൽ 76 ശതമാനം (244 പേർ) പെൺകുട്ടികളാണ്. 76 ആൺകുട്ടികളാണ് ബാച്ചിലുള്ളത്. എൻജിനീയർമാരല്ലാത്തവരുടെ എണ്ണത്തിലും ഗണ്യമായ വർധനയുണ്ട്. 60 ശതമാനം (194 പേർ) എൻജിനീയർമാരല്ലാത്തവരും 40 ശതമാനം (126 പേർ) എൻജിനീയർമാരുമാണ്.ഐഐഎം സമ്പൽപൂർ നവീകരണം, സമഗ്രത എന്നീ അടിസ്ഥാന മൂല്യങ്ങളിൽ ഉറച്ചു നിൽക്കുന്നുവെന്നും ലിംഗ വൈവിധ്യത്തെ കുറിച്ചുള്ള ആശയത്തിന് തുടക്കം കുറിച്ചെന്നും ഐഐഎം സമ്പൽപൂർ ഡയറക്ടർ പ്രൊഫ. മഹാദേവ് ജയ്സ്വാൾ പറഞ്ഞു. പെൺകുട്ടികൾക്ക് അഞ്ച് ശതമാനം കട്ട്ഓഫ് കുറയ്ക്കാൻ തീരുമാനിച്ചതോടെ 2017 മുതൽ 50 ശതമാനം പെൺകുട്ടികൾ പ്രവേശനം നേടുന്ന കോളേജ് ആയി ഐഐഎം സമ്പൽപൂർ മാറിയെന്നും അദ്ദേഹം പറഞ്ഞു.



...ടുഡേ

# നോഹ സദൗയി കേരള ബ്ലാസ്റ്റേഴ്സിൽ




കൊച്ചി : മുന്നേറ്റ നിര താരം നോഹ സദൗയിയെ രണ്ട് വർഷത്തെ കരാറിൽ ക്ലബ്ബിലെത്തിച്ച് കേരളാ ബ്ലാസ്റ്റേഴ്സ് എഫ്.സി. 2026 വരെയുള്ള കരാറാണ് താരം ഒപ്പുവെച്ചിരിക്കുന്നത്. ധാരാളം അനുഭവ സമ്പത്തും ഗോൾ സ്കോറിംഗ് മികവുമുള്ള സദൗയിയുടെ വരവ് ബ്ലാസ്റ്റേഴ്സിന് കരുത്തു നൽകുമെന്നും ഇത് വരാനിരിക്കുന്ന സീസണുകളിൽ ക്ലബിന്റെ മുന്നേറ്റ നിരയെ ശക്തിപ്പെടുത്തുമെന്നാണ് ടീം മാനേജ്മെന്റിന്റെ വിലയിരുത്തൽ.മൊറോക്കോയിൽ ജനിച്ച നോഹ, വിവിധ ലീഗുകളിലും ഭൂഖണ്ഡങ്ങളിലും തന്റെ കഴിവുകൾ പ്രദർശിപ്പിച്ചുകൊണ്ട് ശ്രദ്ധേയമായ ഒരു ഫുട്ബോൾ യാത്ര നടത്തിയിട്ടുണ്ട്. ഒഘട സൈഡ് ന്യൂയോർക്ക് റെഡ് ബുൾസിന്റെ യുവ ടീമായ ജഉഅ അക്കാദമിയിൽ ചേരുന്നതിന് അമേരിക്കയിലേക്ക് പോകുന്നതിന് മുമ്പ്, വൈഡാഡ് കാസബ്ലാങ്കയുടെ യുവനിരയിൽ നിന്നാണ് അദ്ദേഹത്തിന്റെ കരിയർ ആരംഭിച്ചത്. 2013ൽ ഇസ്രായേൽ പ്രീമിയർ ലീഗ് ക്ലബ് മക്കാബി ഹൈഫയിൽ തുടങ്ങി നിരവധി സുപ്രധാന നീക്കങ്ങളിലൂടെയാണ് നോഹയുടെ പ്രൊഫഷണൽ കരിയർ ആരംഭിച്ചത്. തുടർന്ന് മെർബത്ത് എസ്.സി, എൻപ്പി എസ്.സി, എം.സി ഔജ, രാജാ കാസബ്ലാങ്ക, എ.എസ് ഫാർ എന്നീ ക്ലബ്ബുകളിൽ കളിച്ചിട്ടുണ്ട്. പിന്നീട് 2022 ൽ ഐഎസ്എൽ ക്ലബ്ബായ എഫ്സി ഗോവയിൽ എത്തി.

30 കാരനായ ഫോർവേഡ് ഐഎസ്എല്ലിൽ 54 മത്സരങ്ങൾ കളിച്ചിട്ടുണ്ട്, കഴിഞ്ഞ രണ്ട് സീസണുകളിലായി 29 ഗോളുകളും 16 അസിസ്റ്റുകളും അദ്ദേഹത്തിന്റെ പേരിൽ രേഖപ്പെടുത്തിയിട്ടുണ്ട് . താൻ കളിച്ച മിക്കവാറും എല്ലാ മത്സരങ്ങളിലും ഒരു ഗോളിന് സംഭാവന നൽകിയ നോഹ, ലീഗിലെ ഒരു താരമായും ഐഎസ്എല്ലിലെ ഏറ്റവും ആവേശകരമായ കളിക്കാരിലൊരാളെന്ന നിലയിലും അതിവേഗം പ്രശസ്തിയിലേക്ക് ഉയർന്നു.2021 ൽ ദേശീയ ടീമിൽ അരങ്ങേറ്റം കുറിച്ചതിനു ശേഷം രാജ്യത്തിനായി 4 മത്സരങ്ങൾ കളിച്ചിട്ടുണ്ട് . 2021 ആഫ്രിക്കൻ നേഷൻസ് ചാമ്പ്യൻഷിപ്പിന്റെ സെമിഫൈനലുകളിലും ഫൈനലുകളിലും കളിച്ച് ,മൊറോക്കോയെ കിരീടത്തിലേക്ക് എത്തിക്കാനും അദ്ദേഹം സഹായിച്ചു.

കിരീടമെന്ന ലക്ഷ്യത്തിലെത്താൻ നോഹ കേരള ബ്ലാസ്റ്റേഴ്സിനൊപ്പം ചേർന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് സ്പോർട്ടിങ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു. ഞങ്ങളുടെ ടീമിലെ ഏറ്റവും പ്രധാനപ്പെട്ട കളിക്കാരിൽ ഒരാളും കഴിഞ്ഞ രണ്ട് ഐഎസ്എൽ സീസണുകളിലേതുപോലെ ലീഗിലെ ഏറ്റവും മികച്ച കളിക്കാരിൽ ഒരാളുമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കേരള ബ്ലാസ്റ്റേഴ്സിൽ ചേരുന്നതിൽ താൻ വളരെ ആവേശത്തിലാണെന്ന് നോഹ സദൗയി പറഞ്ഞു. ബ്ലാസ്റ്റേഴ്സ് ആരാധകരിൽ നിന്നുള്ള ഊർജവും പിന്തുണയും കേവലം അവിശ്വസനീയമാണ്, അവർക്ക് മുന്നിൽ കളിക്കാനായും ക്ലബ്ബിന്റെ വിജയത്തിന് സംഭാവന നൽകാനും ഈ ആവേശകരമായ യാത്രയുടെ ഭാഗമാകാനും ഞാൻ കാത്തിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

ഈ സമ്മർ ട്രാൻസ്ഫറിൽ ക്ലബ്ബിന്റെ ആദ്യ വിദേശ സൈനിംഗാണ് നോഹ സദൗയി. തായ്ലൻഡിൽ ജൂലൈ 3 മുതൽ വരാനിരിക്കുന്ന സീസണിനായുള്ള പ്രീസീസൺ തയ്യാറെടുപ്പുകൾക്കായി നോഹ ടീമിനൊപ്പം ചേരും.



## എൻ. പി ജോർജിന് ബിസിനസ് എക്സലൻസ് അവാർഡ്

**കൊച്ചി:** അബുദാബി ആസ്ഥാനമായി പ്രവർത്തിക്കുന്ന വേൾഡ് ആർട്സ് ആൻറ് കൾച്ചറൽ ഫൗണ്ടേഷൻ ബിസിനസ് എക്സലൻസ് അവാർഡ് 2024 ന് പവിഴം ഗ്രൂപ്പ് ചെയർമാൻ എൻ. പി ജോർജ് തിരഞ്ഞെടുക്കപ്പെട്ടു. അബുദാബി ഇന്ത്യൻ ഇസ്ലാമിക് സെൻററിൽ നടന്ന ചടങ്ങിൽ സിനിമ നടൻ ശങ്കർ അവാർഡ് സമ്മാനിച്ചു. മില്ലേനിയം ഹോസ്പിറ്റൽസ് ഗ്രൂപ്പ് ചെയർമാൻ സൂരജ് പ്രഭാകർ അധ്യക്ഷനായിരുന്നു. സിനിമ താരങ്ങളായ സാസിക, റഫീഖ് ചോക്ലി, സഹദ് റിജു ചിറക്കൽ, മമ്മി സെഞ്ചറി, ഡബ്ലിയു എ സി എഫ് ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## ഓപ്പോ എ3 പ്രൊ അവതരിപ്പിച്ചു

**കൊച്ചി :** ഓപ്പോ എ3 പ്രൊ പുറത്തിറക്കി . പുതിയ എസീരീസ് സ്മാർട്ട്ഫോണിന്റെ സവിശേഷതകളിൽ ഡ്രോപ്പ് ആൻഡ് ഇംപാക്ട് പ്രതിരോധത്തിനായി ഡാമേജ് പ്രൂഫ് ഓൾ റൗണ്ട് ആർമർ ബോഡി, വെള്ളവും പൊടിയും പ്രതിരോധിക്കുന്നതിനുള്ള ഐ.പി.54 സർട്ടിഫിക്കേഷൻ, നനഞ്ഞ കൈകളാൽ ഉപയോഗിക്കുന്നതിനുള്ള സ്പ്ലാഷ് ടച്ച് സാങ്കേതികവിദ്യ എന്നിവ ഉൾപ്പെടുന്നു. കൂടാതെ 120 അൾട്രാ ബ്രൈറ്റ് ഡിസ്പ്ലേ, എ.ഐ. ലിങ്ക്ബൂസ്റ്റ്, എ.ഐ. ഇറേസർ, കൂടാതെ 45വാട്ട് ഫ്ലാഷ് ചാർജ്ജ് എന്നിവയ്ക്കൊപ്പം 5,100എംഎഎച്ച് ഹൈപ്പർ എനർജി ബാറ്ററിയും പോലുള്ള അധിക സവിശേഷതകളും ഇതിൽ ഉൾപ്പെടുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



## സഹൃദയ കോഴിയും കൂടും വിതരണം ചെയ്തു

**കൊച്ചി;** എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ കാരീത്താസ് ഇറ്റാലിയാനയുമായി സഹകരിച്ചു ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി 25 കുടുംബങ്ങൾക്ക് കോഴിയും കൂടും വിതരണം ചെയ്തു. പൊന്നുരുന്നി സഹൃദയയിൽ സംഘടിപ്പിച്ച യോഗത്തിൽ എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് എൽസി ജോർജ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. സഹൃദയ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ അധ്യക്ഷത വഹിക്കുകയും പദ്ധതി വിശദീകരണം നടത്തുകയും ചെയ്തു. വാർഡ് കൗൺസിലർ സക്കീർ തമ്മനം, സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാദർ സിബിൻ മനയമ്പിള്ളി, ഫാ.ജോസഫ് കൊടിയൻ, പ്രോഗ്രാം ഓഫീസർ കെ. ഒ. മാത്യുസ്, പ്രൊജക്റ്റ് കോർഡിനേറ്റർ സെലിൻ പോൾ, എന്നിവർ സംസാരിച്ചു. ജോസ് പോൾ പരിശീലനപരിപാടിക്ക് നേതൃത്വം നൽകി.




## വീഡോൾ ബ്രാൻഡ് അംബാസഡറായി സൗരവ് ഗാംഗുലി

**കൊച്ചി:** ടൈഡ് വാട്ടർ ഓയിൽ കമ്പനി (ഇന്ത്യ) ലിമിറ്റഡിന്റെ പ്രമുഖ ലൂബ്രിക്കന്റ് ബ്രാൻഡായ വീഡോളിന്റെ ബ്രാൻഡ് അംബാസഡറായി ക്രിക്കറ്റ് ഇതിഹാസം സൗരവ് ഗാംഗുലി. ഇന്ത്യയിലുടനീളം വീഡോളിന്റെ സാന്നിധ്യം കൂടുതൽ മെച്ചപ്പെടുത്താനാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ടൈഡ് വാട്ടർ ഓയിൽ കമ്പനി (ഇന്ത്യ) ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അരിജിത് ബസു പറഞ്ഞു.2024 മാർച്ച് 31 വരെ 1931 കോടി രൂപയുടെ ഏകീകൃത വരുമാനം നേടിയ വീഡോൾ ആഫ്റ്റർ മാർക്കറ്റ് റീട്ടെയിൽ, ഇൻസ്റ്റിറ്റ്യൂഷണൽ (ബി2ബി) വിഭാഗങ്ങൾക്കായി വലിയൊരു ശ്രേണിയാണ് ഒരുക്കിയിട്ടുള്ളത്. 70ലധികം രാജ്യങ്ങളിലാണ് വീഡോളിന്റെ സാന്നിധ്യമുള്ളത്.മികച്ച നേതൃത്വപാടവവും ധീരതയുമുള്ള സൗരവ് ഗാംഗുലി ഞങ്ങളുടെ ബ്രാൻഡ് അംബാസഡറായി എത്തുന്നതിൽ വളരെയധികം സന്തോഷിക്കുന്നതായും അരിജിത് ബസു പറഞ്ഞു. മികവ്, പുതുമ, വിശ്വാസ്യത തുടങ്ങിയവയെ പ്രതിനിധീകരിക്കുന്നതാണ് വീഡോളുമായുള്ള സഹകരണമെന്നും ഞങ്ങളിലെ ഏറ്റവും മികച്ചതിനെ നൽകാനാണ് ഇതിലൂടെ ശ്രമിക്കുന്നതെന്നും സൗരവ് ഗാംഗുലി പറഞ്ഞു.

# ആൻജിന ബോധവൽക്കരണ വാരചരണം

**കൊച്ചി:** ആഗോള ആരോഗ്യ പരിരക്ഷ കമ്പനിയായ അബോട്ട്, അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ആദ്യ ആൻജിന ( ഹൃദയത്തിലേക്കുള്ള രക്തതടസം മൂലമുള്ള നെഞ്ചുവേദന) അവബോധ വാരാചരണം സംഘടിപ്പിച്ചു. ആൻജിന നേരത്തെ തിരിച്ചറിയുന്നതിലൂടെ ഹൃദയ സംബന്ധിയായ രോഗങ്ങൾ നിയന്ത്രിക്കുക, രോഗികളിലെ അപകട സാധ്യത കുറക്കുക തുടങ്ങിയവയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്.

രാജ്യത്തെ മരണ സംഖ്യയിൽ പുരുഷന്മാരിൽ 20.3% പേരും സ്ത്രീകളിൽ 16.9% പേരും ഹൃദയ സംബന്ധമായ രോഗങ്ങൾമൂലമാണ് മരണപ്പെടുന്നത്. അതുകൊണ്ട് തന്നെ ആൻജിനയുടെ ആദ്യ ലക്ഷണങ്ങളായ ചെറിയ രീതിയിലുള്ള തലകറക്കം, കൈകൾ, പുറം എന്നീ ഭാഗങ്ങളിൽ ഉണ്ടാവുന്ന അസ്വസ്ഥത എന്നിവയെ കൃത്യമായി തിരിച്ചറിയേണ്ടതുണ്ട്. സ്ത്രീകളിൽ അമിതവണ്ണവും രോഗകാരണമാവുന്നുണ്ട്. യഥാസമയം തിരിച്ചറിയാത്തപക്ഷം പ്രമേഹ രോഗികളിലും ഹൃദ്രോഗ സാധ്യത കൂടുതലാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# കെൽട്രോൺ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോൺ നോളജ് സെന്ററിൽ സർക്കാർ അംഗീകൃത കോഴ്സായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ഇ ഗാഡ്ജെറ്റ് ടെക്നോളജി, തൊഴിലധിഷ്ഠിത കോഴ്സായ സോഫ്റ്റ് വെയർ ടെസ്റ്റിംഗ്, പി.എസ്.സി. നിയമനങ്ങൾക്ക് യോഗ്യമായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷൻ, വേർഡ് പ്രോസസിംഗ് ആന്റ് ഡേറ്റ എൻട്രി, ഓഫീസ് ഓട്ടോമേഷൻ എന്നീ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു.

അവസാന തീയതി ജൂലൈ 15. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2971400, 8590605259. ഹെഡ് ഓഫ് സെന്റർ, എം ഇ എസ് കൾച്ചറൽ കോംപ്ലക്സ്, കലൂർ, എറണാകുളം 682017 വിലാസത്തിലോ ബന്ധപ്പെടാം.

# വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിക്കാം

**കൊച്ചി:** കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ മക്കൾക്ക് 202324 അധ്യയന വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ജില്ലാ ഓഫീസിൽ ജൂലൈ 31 വരെ സ്വീകരിക്കും. സർക്കാർ/ എയ്ഡഡ് സ്കൂളിൽ പഠിച്ചവരും 202324 വർഷത്തെ എസ്.എസ്.എൽ.സി./ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ 75 ഉം അതിൽ കൂടുതൽ പോയിന്റ് നേടിയവരും പ്ലസ്ടു/ വി. എച്ച്.എസ്.ഇ. പരീക്ഷയിൽ 85 ശതമാനം മാർക്ക് നേടിയവരുമായ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് അപേക്ഷിക്കാം.

കൂടാതെ എസ്.എസ്.എൽ.സി./ ടി.എച്ച്.എസ്. എൽ.സി. പരീക്ഷയിൽ 70 പോയിന്റും, പ്ലസ്ടു/ വി.എച്ച്.എസ്.ഇ. പരീക്ഷയിൽ 80 ശതമാനം മാർക്ക് ലഭിച്ച എസ്.സി/എസ്.ടി. വിഭാഗം വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കും അപേക്ഷിക്കാം. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മാതാപിതാക്കളിൽ നിന്ന് നിശ്ചിത ഫോമിലെ അപേക്ഷയും ബന്ധപ്പെട്ട രേഖകളും ബോർഡിന്റെ ജില്ലാ ഓഫീസിൽ ജൂലൈ ഒന്നു മുതൽ 31 ന് വൈകിട്ട് അഞ്ചു വരെയും, അപ്പീൽ അപേക്ഷകൾ തൃശൂർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഓഗസ്റ്റ് 12 വൈകീട്ട് അഞ്ചു വരെയും സ്വീകരിക്കും. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആലുവയിൽ പ്രവർത്തിക്കുന്ന ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 7012013262, 0484 2945230.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മത്സ്യഫെഡ് എറണാകുളം നെറ്റ് ഫാക്ടറിയിൽ സ്ഥാപിച്ചിരിക്കുന്ന വല നിർമ്മാണ മെഷീനുകളിലേക്കാവശ്യമായ ബെയറിംഗുകളും സാമഗ്രികളും സപ്ലൈ ചെയ്യുന്നതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചു.

ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ മത്സ്യഫെഡ് നൈലോൺ നെറ്റ് ഫാക്ടറി എറണാകുളം ഓഫീസുമായി ബന്ധപ്പെടാം. (വിളിക്കേണ്ട നമ്പർ 0484 2394410). ക്വട്ടേഷനുകൾ ജൂലൈ 15 ന് രാവിലെ 11 വരെ സമർപ്പിക്കാം.

# ലോയൽറ്റി കസ്റ്റമേഴ്സിന് സുവർണാവസരം ; ഇന്ന് മുതൽ ലുലു ഓൺ സെയിലിന്റെ ഭാഗമാകാം

**കൊച്ചി :** ഷോപ്പിങ്ങ് വിസ്മയം തുറക്കുന്ന, ലുലു ഓൺ സെയിലിൽ ഒരു ദിവസം മുമ്പേ ഭാഗമാകാൻ ലോയൽറ്റി കസ്റ്റമേഴ്സിന് അവസരം!. ലുലു ഫാഷൻ സ്റ്റോറിലെ മെൻസ് വിയർ, വുമൺസ് വിയർ, കിഡ്സ് വിയർ സെക്ഷനുകളിൽ വമ്പൻ വിലക്കിഴിവിൽ വസ്ത്രശേഖരങ്ങൾ വാങ്ങാനുള്ള സാധ്യതയാണ് തുറന്നിരിക്കുന്നത്. ബ്രാൻഡഡ് ശേഖരങ്ങൾ പകുതി വിലയ്ക്ക് ലഭിക്കും. ലുലു ഹാപ്പിനെസ് ഡ്രൈവിന്റെ ഭാഗമായി ലോയൽറ്റി കസ്റ്റമേഴ്സിന മികച്ച ഷോപ്പിങ്ങ് അനുഭവം സമ്മാനിക്കുകയാണ് ലുലു. തിരക്കേറും മുൻപേ നല്ല കളക്ഷനുകൾ സ്വന്തമാക്കാനുള്ള അവസരമാണ് തുറന്നിരിക്കുന്നത്. നാളെ മുതലാണ് ലുലു ഓൺ സെയിൽ തുടങ്ങുന്നതെങ്കിലും, ലോയൽറ്റി കസ്റ്റമേഴ്സിന് സപെഷ്യൽ വിൻഡോ എൻട്രി ഇന്ന് മുതൽ തന്നെ ലഭിക്കും. ലോയൽറ്റി മെംബർഷിപ്പ് എടുക്കാത്തവർക്ക് ലുലു ഹൈപ്പിനെസ് വെബ്സൈറ്റിലൂടെയോ ലുലു ഹാപ്പിനെസ് മൊബൈൽ ആപ്പിലൂടെയോ ഫ്രീയായി രജിസ്ടർ ചെയ്ത് അംഗത്വമെടുത്ത് ഷോപ്പിങ്ങിൽ പങ്കുചേരാം.




ജൂലൈ 4 മുതൽ 7വരെയാണ് ലുലു ഓൺ സെയിൽ നടക്കുന്നത്.

ബ്രാൻഡഡ് വസ്ത്രങ്ങൾക്ക് പുറമേ അവശ്യവസ്തുക്കൾ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക്സ്, മൊബൈൽ, ലാപ്ടോപ്പ്, ടിവി,പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ തുണിത്തരങ്ങൾ തുടങ്ങി 50 ശതമാനം വിലക്കുറവിലാണ് ലഭ്യമാക്കുന്നത്. ഈ നാല് ദിവസവും ലുലു സ്റ്റോറുകൾ അർധരാത്രി വരെ തുറന്ന് പ്രവർത്തിക്കും.കൂടാതെ ശനിയാഴ്ച രാവിലെ 9 മുതൽ തിങ്കളാഴ്ച പുലർച്ചെ 2 മണി വരെ നീളുന്ന 41 മണിക്കൂർ നീണ്ട നോൺസ്റ്റോപ്പ് ഷോപ്പിങ്ങും ഒരുക്കിയിട്ടുണ്ട്

# സംസ്ഥാനത്ത് സിവിൽ സർവീസ് പരീക്ഷ വിജയികളുടെ എണ്ണം വർധിക്കുന്നത് അഭിമാനകരം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** ഓരോ വർഷവും കേരളത്തിൽ നിന്നുള്ള സിവിൽ സർവീസ് പരീക്ഷ വിജയികളുടെ എണ്ണം വർധിക്കുന്നുവെന്നത് അഭിമാനകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി സംഘടിപ്പിച്ച സിവിൽ സർവീസ് വിജയികൾക്കുള്ള അനുമോദന യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.ആകെ 54 പേരാണ് കേരളത്തിൽ നിന്നും സിവിൽ സർവീസ് പരീക്ഷ ഇത്തവണ വിജയിച്ചത് 'കഴിഞ്ഞവർഷം ഇത് 37 ആയിരുന്നു.

2005 ൽ സിവിൽ സർവീസ് അക്കാദമി സ്ഥാപിക്കപ്പെട്ടതിനുശേഷം ഏറ്റവും അധികം വിജയികൾ ഉണ്ടായ വർഷമാണ് 2024. വിജയികളുടെ എണ്ണത്തിൽ മാത്രമല്ല പകരം സിവിൽ സർവീസ് ലക്ഷ്യമായി കാണുന്ന യുവതീയുവാക്കളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായിരിക്കുന്നുവെന്നതും സന്തോഷകരമാണ്. 2005ലെ നമ്മുടെ നാട്ടിൽ നിന്നുള്ള സിവിൽ സർവീസ് പരീക്ഷ വിജയികളുടെ എണ്ണം എട്ട് ആയിരുന്നെങ്കിൽ അക്കാദമിയുടെ വരവോടുകൂടി ഈ അവസ്ഥയ്ക്ക് മാറ്റം വന്നു തുടങ്ങി. ഇന്ന് സിവിൽസർവീസ് അക്കാദമിക്ക് വിശാല സൗകര്യമുള്ള ഒരു കെട്ടിടം പണിതീർത്തിട്ടുണ്ട്. വിവിധ ആധുനിക സൗകര്യങ്ങൾ, വിപുലമായ ലൈബ്രറി അധ്യാപകർ എന്നിവ പ്രത്യേകതകളാണ്.

സിവിൽ സർവീസ് പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച വ്യക്തികൾ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ മാതൃകാ അഭിമുഖങ്ങൾ എന്നിവയും അക്കാദമി നടത്തിവരുന്നു. വിദ്യാർഥികൾക്ക് മികച്ച പരിശീലനവും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇതിന്റെ ഫലമാണ് വിദ്യാർഥികൾ നേടിയ തിളക്കമാർന്ന വിജയം. സിവിൽ സർവീസ് പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും പരിശീലനം ലഭ്യമാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

തിരുവനന്തപുരത്തോടൊപ്പം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ളവർക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ നിരവധി സബ് സെന്ററുകളും നിലവിൽ പ്രവർത്തിച്ചു വരുന്നു. രാജ്യത്തിന്റെ പൊതു സേവനത്തിന്റെ ഭാഗമാകാൻ തയാറായവരെന്ന നിലയിൽ സേവനമേഖലയിലും ക്ഷേമ പ്രവർത്തനങ്ങളിലും കേരളത്തിന്റെ മാതൃക രാജ്യവ്യാപകമാക്കാൻ സിവിൽ സർവീസ് ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം. രാജ്യത്തിന്റെ മികച്ച മാതൃകകൾ കേരളത്തിലേക്കെത്തിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്തണം പുതിയ കാലത്ത് സിവിൽ സർവീസിന്റെ ഭാഗമാകുന്നവരെന്ന നിലയിൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ മനസിലാക്കി അതിനൂതനമായ പബ്ലിക് അഡ്മിനിസ്ട്രേഷൻ മാതൃകകൾ സൃഷ്ടിക്കാൻ കഴിയണം. കാലഹരണപ്പെട്ട മാമൂലുകൾ, മുൻവിധികൾ ഇവയൊക്കെ ഒഴിവാക്കി ജനസേവനത്തിന് അനുയോജ്യമായ സമീപനങ്ങളും മൂല്യങ്ങളും മനോഭാവങ്ങളും സ്വായത്തമാക്കണം. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളാണ് യജമാനന്മാർ എന്ന കാഴ്ചപ്പാട് പൂർണമായും ഉൾക്കൊള്ളണം.

മാറ്റങ്ങളോട് പൊരുത്തപ്പെടാനുള്ള കഴിവും സമഭാവനയോടെ ഉള്ള പെരുമാറ്റവും ഓരോരുത്തരെയും അവകാശത്തെ കുറിച്ചുള്ള അവബോധവും ദുർബലരായ മനുഷ്യരോടുള്ള സഹാനുഭൂതിയും ഏത് പ്രതികൂല സാഹചര്യത്തിലും ക്രിയാത്മകമായി ഇടപെടാനുള്ള ആത്മവിശ്വാസവും സിവിൽ സർവീസ് ഉദ്യോഗസ്ഥർ പുലർത്തണം. മാറുന്ന ലോകത്ത് അനുസരിച്ച് ഭരണനിർവഹണ ശൈലി മാറുന്നില്ലെങ്കിൽ അസംതൃപ്തിയിലേക്കും അസ്വസ്ഥത കളിലേക്കും നയിക്കും. അതുകൊണ്ടുതന്നെ ഉന്നതനിലവാരമുള്ള പരിശീലനം പൂർത്തിയാക്കി സർവീസിൽ പ്രവേശിക്കുന്നവർ പുരോഗമനപരമായ മാറ്റങ്ങളുടെ പക്ഷത്ത് നിലയുറപ്പിക്കുകയും മതനിരപേക്ഷമായും നിയമാനുസൃതമായും മാറ്റങ്ങൾ പ്രാവർത്തികമാക്കാനുള്ള ആർജ്ജവവും സമർപ്പണവും പുലർത്തുകയും ചെയ്യണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഏതൊരു വിഷയം നിങ്ങളുടെ പരിഗണനയ്ക്കു വരുമ്പോൾ ഏറ്റവും സാധാരണക്കാരന്റെ ജീവിതം എങ്ങനെ മെച്ചപ്പെടുത്താം എന്ന ചിന്തയാണ് നമ്മളെ നയിക്കേണ്ടത്. വിദ്യാഭ്യാസം, ആരോഗ്യം ഭക്ഷണം എന്നിവ പോലെ തന്നെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും തൊഴിലും ജനങ്ങളുടെ അവകാശമാണ് എന്ന ഉത്തമബോധ്യം ഉണ്ടായിരിക്കണം. അങ്ങനെ സമൃദ്ധിയിലേക്ക് ജയിച്ചു മുന്നേറാൻ സിവിൽ സർവീസ് വിജയികൾക്ക് കഴിയട്ടെയെന്നും കേരളത്തിൽ സേവനം ആരംഭിക്കുന്ന വർക്ക് സംസ്ഥാന സർക്കാരിന്റെ എല്ലാ പിന്തുണയും ഉറപ്പ് നൽകുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി ആർ. ബിന്ദു അധ്യക്ഷത വഹിച്ച ചടങ്ങിൽ സി.സി.ഇ.കെ ഡയറക്ടർ സുധീർ കെ സ്വാഗതമാശംസിച്ചു. ഇഷിതാ റോയ് ആശംസകളർപ്പിച്ചു.

സിവിൽ സർവീസ് വിജയികൾ മറുപടി പ്രസംഗം നടത്തി. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി ഫാക്കൽറ്റി രാഹുൽ രാജേന്ദ്രൻ ചടങ്ങിന് നന്ദി പറഞ്ഞു.

# സൈക്കിൾ പ്യൂവർ അഗർബത്തി: പ്രാർഥനകൾക്കു കൂട്ടായി 75 വർഷങ്ങൾ




**കൊച്ചി:** 75 വർഷങ്ങളുടെ നിറവിൽ സൈക്കിൾ അഗർബത്തി."പ്രാർഥിക്കാൻ ഓരോരുത്തർക്കും ഓരോ കാരണങ്ങൾ" എന്ന പരസ്യ വാചകം വരും മുൻപേ തന്നെ ഇന്ത്യക്കാരുടെ, വിശേഷിച്ച മലയാളികളുടെ പ്രിയപ്പെട്ട അഗർബത്തി ബ്രാൻഡാണ് സൈക്കിൾ പ്യൂവർ അഗർബത്തി. സാമ്പ്രാണിയെന്നും ചന്ദനത്തിരിയെന്നുമെല്ലാം പേരിട്ട് വിളിച്ചിട്ടും, പല ബ്രാൻഡുകളിൽ വിറ്റിട്ടും, പ്രാർഥനാവേളയിൽ സൈക്കിൾ മുദ്രയുള്ള, ചുവപ്പും മഞ്ഞയും നിറത്തിലുള്ള ആ സാമ്പ്രാണി പായ്ക്കറ്റിനോടുള്ള ആകർഷം ഒന്നു വേറെ തന്നെ.പഴമയുടെ പൈതൃകത്തിലൂടെയാണ് മുൻനിര അഗർബത്തി നിർമാതാക്കളായി എൻ. രംഗറാവു ആൻഡ് സൺസ് മാറുന്നത്. 1948ൽ സ്ഥാപിതമായ അഗർബത്തി എഴുപത്തഞ്ച് വയസിൻറെ നിറവിലാണിപ്പോൾ.

ഏഴ് പതിറ്റാണ്ടുകളായി ലിയ ബ്രാൻഡിന് കീഴിലുള്ള എയർ കെയർ ഉൽപ്പന്നങ്ങൾ, ഐറിസ് ഹോം ഫ്രാഗ്രൻസിലൂടെയുള്ള ഭവന സുഗന്ധ ദ്രവ്യങ്ങൾ, നെസോയ്ക്ക് കീഴിലുള്ള ഫ്ളോറൽ എക്സ്ട്രാക്റ്റുകൾ, രംഗ്സൺസ് ടെക്നോളജീസ് വഴിയുള്ള പ്രൊഡക്ട് ടെക്നോളജി തുടങ്ങി വിവിധ മേഖലകളിലേക്കും സൈക്കിൾ പ്യൂവർ അഗർബത്തി വികസിച്ചു. കൂടാതെ കസ്റ്റമൈസ് ചെയ്ത ധൂപക്കൂട്ടുകൾ മുതൽ സമ്പൂർണ്ണ പൂജാ കിറ്റുകൾ വരെ ഉപയോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്. എക്സ്ക്ലൂസീവ് വെബ് സൈറ്റ്, ഇകൊമേഴ്സ്, ക്വിക്ക് കൊമേഴ്സ് എന്നിവയും ബ്രാൻഡ് ഒരുക്കിയിട്ടുണ്ട്.സ്ത്രീകളുടെ ശാക്തീകരണത്തിനും കമ്പനി മുൻതൂക്കം നൽകുന്നു. ജീവനക്കാരിൽ 80 ശതമാനവും സ്ത്രീകളാണ്. യുവാക്കൾക്ക് സൗജന്യ നൈപുണ്യ പരിശീലനം, ജീവനക്കാരുടെ കുടുംബങ്ങൾക്ക് സ്കോളർഷിപ്പ്, ശാരീരിക വൈകല്യമുള്ളവരുടെ സംരക്ഷണം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങളിലും കമ്പനി സജീവമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഹോണ്ട മാജിക്കൽ മൺസൂൺ കാമ്പയിൻ പ്രഖ്യാപിച്ചു

**ന്യൂഡൽഹി**: മുൻനിര പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) തങ്ങളുടെ പ്രീമിയം ശ്രേണി കാറുകൾക്ക് പ്രമോഷണൽ കാമ്പയിൻ 'ഹോണ്ട മാജിക്കൽ മൺസൂൺ' പ്രഖ്യാപിച്ചു. ഹോണ്ട അമേസ്, ഹോണ്ട സിറ്റി, ഹോണ്ട എലിവേറ്റ്, ഹോണ്ട സിറ്റി ഇ:എച്ച്ഇവി എന്നിവയുൾപ്പെടെയുള്ള ഹോണ്ട കാർസ് ഇന്ത്യയുടെ മുഴുവൻ പ്രീമിയം ശ്രേണിയും പ്രൊമോഷണൽ സ്കീം ഉൾക്കൊള്ളുന്നു. രാജ്യത്തുടനീളമുള്ള എല്ലാ ഡീലർഷിപ്പുകളിലും ജൂലൈ 31 വരെ ഓഫർ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. ജൂലൈയിൽ തങ്ങളുടെ കാറുകൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് ഈ കാമ്പയ്നിന്റെ ഭാഗമായി സ്വിറ്റ്സർലൻഡിലേക്കുള്ള എക്സ്ക്ലൂസീവ് ട്രിപ്പ് അല്ലെങ്കിൽ 75,000 രൂപ വരെ വിലമതിക്കുന്ന സമ്മാനങ്ങൾ നേടാനുള്ള അവസരമുണ്ട്. കൂടാതെ, ഈ കാലയളവിൽ എല്ലാ ടെസ്റ്റ് ഡ്രൈവുകളിലും സർപ്രൈസ് ഗിഫ്റ്റ് ഉണ്ട്. ഈ ഓഫറുകളെല്ലാം ഉൽപ്പന്ന ശ്രേണിയിൽ ലഭ്യമായ മോഡൽ തിരിച്ചുള്ള പ്രതിമാസ ഓഫറിന് പുറമേയാണ്. സംസ്ഥാനാടിസ്ഥാനത്തിലുള്ള നിയന്ത്രണങ്ങളെ അടിസ്ഥാനമാക്കി കാമ്പയിൻ ആനുകൂല്യങ്ങൾ വ്യത്യാസപ്പെടാമെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് മാർക്കറ്റിംഗ് ആന്റ് സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെൽ പറഞ്ഞു.



# പാവക്കുളത്ത് പ്രതിഷ്ഠാദിന മഹോത്സവം സമാപിച്ചു

**കൊച്ചി:** പതിനൊന്ന് ഋത്വിക്കുകളുടെ മന്ത്രോച്ചാരണത്തോടെ പതിനൊന്ന് ദിവസം നടന്ന കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിലെ ഈ വർഷത്തെ പ്രതിഷ്ഠാദിന മഹോത്സവവും, മഹാരുദ്രയജ്ഞവും കാലടി ശൃംഗേരി മഠം വേദപാഠശാലയിലെ വെങ്കിടേഷ് ഭട്ടിന്റെ കാർമികത്വത്തിൽ വസോർധാരയോടെ സമാപിച്ചു. ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ അഭിഷേകങ്ങൾ നടന്നു. ചടങ്ങുകൾക്ക് ക്ഷേത്രം മേൽശാന്തി എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി നേതൃത്വം നൽകി. പ്രസാദ ഊട്ടും ഉണ്ടായിരിന്നു.

# ആനന്ദ് അംബാനിയുടെ വിവാഹം: സമൂഹ വിവാഹം സംഘടിപ്പിച്ചു

**മുംബൈ;** ആനന്ദ് അംബാനിയുടെ വിവാഹത്തോടനുബന്ധിച്ച് അംബാനി കുടുംബം സമൂഹ വിവാഹം സംഘടിപ്പിച്ചു .

മഹാരാഷ്ട്ര പാൽഘറിലുള്ള 50 ദമ്പതിമാർ ഇന്ന് റിലയൻസ് കോർപ്പറേറ്റ് പാർക്കിൽ നടന്ന ചടങ്ങിൽ വെച്ച് വിവാഹിതരായി. റിലയൻസ് കോർപ്പറേറ്റ് പാർക്കിൽ നടന്ന വിവാഹ ചടങ്ങിൽ ദമ്പതികളുടെ കുടുംബങ്ങൾ ഉൾപ്പെടെ 800 ഓളം പേർ പങ്കെടുത്തു. ഈ ചടങ്ങിൽ തുടങ്ങി, വരാനിരിക്കുന്ന വിവാഹ സീസണുകളിൽ രാജ്യത്തുടനീളമുള്ള ഇത്തരം നൂറുകണക്കിന് വിവാഹങ്ങളെ തുടർന്നും പിന്തുണയ്ക്കുമെന്ന് കുടുംബം അറിയിച്ചു. നിത അംബാനിയും മുകേഷ് അംബാനിയും അവരുടെ കുടുംബാംഗങ്ങൾക്കൊപ്പം ചടങ്ങിൽ പങ്കെടുക്കുകയും ദമ്പതികൾക്ക് ഹൃദയംഗമമായ ആശംസകൾ അറിയിക്കുകയും ചെയ്തു,സായാഹ്നത്തിന് സമ്പന്നമായ സാംസ്കാരിക അനുഭവം സമ്മാനിച്ച് വാർലി ഗോത്രക്കാർ അവതരിപ്പിച്ച പരമ്പരാഗത നൃത്തവും സംഘടിപ്പിച്ചു.

